# കേരള സംസ്ഥാന കളിമൺപാത്ര നിർമ്മണം വിപണന ക്ഷേമ വികസന കോർപ്പറേഷൻ

## കളിമൺ ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി

### നിബന്ധനകളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും

### വായ്പാ നിബന്ധനകൾ

1. അപേക്ഷകർ കളിമൺപാത്ര/ഉല്പന്ന നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള സമുദായത്തിൽ ഉൾപ്പെട്ട വ്യക്തികളായിരിക്കണം.
2. അപേക്ഷകരുടെ കുടുംബവാർഷിക വരുമാനം 3 ലക്ഷത്തിൽ താഴെയായിരിക്കണം.
3. അപേക്ഷകരുടെ പ്രായപരിധി 18 നും 55നും മദ്ധ്യേ
4. ഗുണഭോക്താക്കൾ മതിയായ ഉദ്യോഗസ്ഥ / വസ്തു / LIC പോളിസി ജാമ്യം ലഭ്യമാക്കേണ്ടതാണ്.
5. ജാമ്യവ്യവസ്ഥയിൽ കോർപ്പറേഷൻ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന മാറ്റം ബാധകമായിരിക്കും
6. വായ്പാ കാലാവധി 60 മാസമാണ്.
7. പലിശനിരക്ക് 6% വീഴ്ച വരുത്തുന്ന തവണകൾക്ക് 6% പിഴ പലിശ ഈടാക്കുന്നതാണ്.
8. സമയബന്ധിതമായി പദ്ധതി പ്രവർത്തനക്ഷമമാക്കാത്ത പക്ഷം വായ്പ ദുർവിനിയോഗം ചെയ്തെന്ന് കണക്കാക്കി 6% പലിശയും, 6% പിഴപ്പലിശയും ചേർത്ത് ഒന്നായോ ഗഡുക്കളായോ വായ്പാ തുക തിരിച്ച് ഈടാക്കുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.
9. വായ്പ തുക പരമാവധി - 2 ലക്ഷംരൂപ

# അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. അപേക്ഷകന്റെ പേര് ഉൾപ്പെട്ട റേഷൻകാർഡിന്റെ പകർപ്പ്
2. ആധാർ കാർഡിന്റെ പകർപ്പ്
3. അപേക്ഷകന്റെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും കരമടച്ച രസീതിന്റെ പകർപ്പ്.
4. അപേക്ഷകന്റെ വയസ്സു തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
5. ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐഎഫ്എസ്സി കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.
6. അപേക്ഷകന്റെ ജാതി, കുടുംബ വാർഷിക വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടഫിക്കറ്റ്
7. അപേക്ഷകർ കളിമൺഉല്പന്ന നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള സമുദായത്തിൽ ഉൾപ്പെട്ട വ്യക്തി / ആശ്രിതർ എന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷൻ അനുവദിക്കുന്ന സാക്ഷ്യപത്രം
8. a) വായ്പയ്ക്ക് ഉദ്യോഗസ്ഥ ജാമ്യമാണ് നൽകുന്നതെങ്കിൽ അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ആവശ്യാനുസരണം ഹാജരാക്കണം.

   b) വസ്തുജാമ്യമാണെങ്കിൽ ജാമ്യവസ്തുവിന് 5 സെന്റിൽ കുറയാതെ വിസ്തീർണ്ണമുണ്ടായിരിക്കണം. വസ്തു ജാമ്യമാണെങ്കിൽ വായ്പാ അനുമതി ലഭിക്കുന്ന മുറയ്ക്ക് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കണം.

   1) തന്നാണ്ടിലെ കരം അടച്ച രസീത്.
   2) കൈവശാവകാശ സർട്ടിഫിക്കറ്റ്.
   3) വിലനിർണ്ണയ സർട്ടിഫിക്കറ്റ്.
   4) ബാധ്യതാ രഹിത സർട്ടിഫിക്കറ്റ്.
   5) അസൽ ആധാരവും മുൻ ആധാരവും.

   c) LIC പോളിസി ആണ് ജാമ്യം എങ്കിൽ LIC ൽ നിന്നുള്ള സറണ്ടർ വാല്യു സർട്ടിഫിക്കറ്റ് സഹിതം endorse ചെയ്ത പോളിസി രേഖകൾ കോർപ്പറേഷനിൽ ഹാജരാക്കണം